## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1084** **09-10-2024 - ൽ മറുപടിയ്ക്ക്**

## പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊൻകുന്നം വാട്ടർ അതോറിറ്റി സബ്ഡിവിഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | പൊൻകുന്നം വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസിനും സബ്ഡിവിഷൻ ഓഫീസിനും കൂടി (രണ്ടു നില) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടത് പ്രകാരം 20.07.2024 ൽ മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 98 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് (ഒരു നിലയായി പരിമിതപ്പെടുത്തി) സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇതിനായി തയാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ; | (ബി) | പൊൻകുന്നം വാട്ടർ അതോറിറ്റി ഓഫീസ് കെട്ടിടം (ഒരു നില) നിർമ്മിക്കുന്നതിനായുള്ള പുതുക്കിയ എസ്റ്റിമേറ്റ് തുക 98 ലക്ഷം രൂപയാണ്. |
| (സി) | പ്രസ്തുത തുക അനുവദിച്ച് നിർമ്മാണപ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കുമോ? | (സി) | ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടെൻഡർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ